എൽ.സി. പാസാകുന്ന വിദ്യാർത്ഥികൾക്ക് അതേ സ്കൂളിൽ ഹയർ സെക്കന്ററി കോഴ്സ് നടക്കുന്നുണ്ടെങ്കിൽ അവിടെ 25 ശതമാനം സീറ്റെങ്കിലും മാറ്റിവയ്ക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്നാണ് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, ഇത് നയപരമായ ഒരു പ്രശ്നമാണ്. ഇപ്പോൾ പ്രീ-ഡിഗ്രി കോളേജുകളിലുണ്ട്. ഡിഗ്രി കോഴ്സുകൾക്ക് ആ കോളേജിൽ നിന്ന് പ്രീഡിഗ്രി പാസാകുന്നവർക്ക് 25 ശതമാനം സീറ്റ് റിസർവ് ചെയ്യണം എന്ന ഒരു തീരുമാനം നമുക്ക് എടുക്കാൻ കഴിയുമോ?

മി. സ്പീക്കർ : ഒരു സംശയം ചോദിക്കട്ടെ, ഇപ്പോൾ പ്ലസ് ടു സ്കൂളുകളുടെ ഭാഗമായി പൂർണ്ണമായും മാറിക്കഴിഞ്ഞാൽ അതൊരു പ്രൊമോഷൻ പോലെയാണല്ലോ ഏകദേശം, ആണെന്നു പറയുകയല്ല. അപ്പോൾ അങ്ങനെയൊരു പ്രശ്നം ഭാവിയിൽ വരാവുന്നതാണ്. അതാണ് ഇവിടെ ഉന്നയിച്ചത്.

ശ്രീ. പി.ജെ. ജോസഫ് : സംസ്ഥാനത്ത് മൊത്തമുള്ള 500-ൽപ്പരം പ്ലസ് ടു സ്കൂളുകളിൽ അഡ്മിഷൻ നടക്കുമ്പോൾ അതാതു സ്കൂളുകളിൽ നിന്നുള്ള കുട്ടികൾക്ക് എത്ര ശതമാനം ലഭിച്ചിട്ടുണ്ടെന്ന് ഒരു പരിശോധന നടത്താം. അങ്ങനെ ഒരു പരിശോധന നടത്തിയതിനു ശേഷം ഈ കാര്യത്തിൽ ഒരു തീരുമാനമെടുക്കാം.

(10) അയ്യന്തോളിൽ പുല്ലഴി സബ്സ്റ്റേഷൻ

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, തൃശ്ശൂർ ജില്ലാ ആസ്ഥാനവും ഭരണ സിരാ കേന്ദ്രവുമാണ് അയ്യന്തോൾ പഞ്ചായത്ത്. കളക്ടറേറ്റും കോടതിയും, ക്വാർട്ടേഴ്സും മാത്രമല്ല വിസ്തൃതമായ കോൾ പാടങ്ങളും കാർഷിക മേഖലയും ലക്ഷ്മി മിൽ ഉൾപ്പെടെയുള്ള നിരവധി വ്യവസായ സ്ഥാപനങ്ങളും ഉൾക്കൊള്ളുന്ന പ്രദേശമാണത്. പക്ഷെ വോൾട്ടേജ് ക്ഷാമം അവിടെ തീരാശാപമാണ്. പുല്ലഴിയിൽ ഒരു സബ്സ്റ്റേഷൻ പണിയാൻ 1995-ൽ തീരുമാനിച്ചതാണ്. സ്ഥലം അക്വയർ ചെയ്യാനുള്ള പ്രൊപ്പോസൽ എവിടെയോ കുടുങ്ങിക്കിടക്കുകയാണ്. ജില്ലാ ആസ്ഥാനമായ അയ്യന്തോളിൽ ഇപ്പോഴും പവർ കട്ട് നിലനിൽക്കുന്നു. അടുത്ത കാലത്ത് തീരെ വെളിച്ചമില്ല. വിയ്യൂരിൽ എന്തോ തകരാറ് പറ്റിയെന്നാണ് പറയുന്നത്. അതുകൊണ്ട് പുല്ലഴിയിലെ സബ് സ്റ്റേഷന്റെ നിർമ്മാണം ഉടനടി നടത്തണം. അവിടത്തെ പവർ കട്ട് പരിപൂർണ്ണമായി പിൻവലിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, തൃശ്ശൂർ ജില്ലയിലെ പുല്ലഴിയിൽ ഒരു 66 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ 26.9.'95-ൽ ബോർഡ് അനുമതി നൽകിയിട്ടുള്ളതാണ്. ഈ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് കേരള ലക്ഷ്മി മിൽസ് രണ്ടേക്കർ സ്ഥലം ലീസിന് തരാമെന്ന് സമ്മതിച്ചിരുന്നെങ്കിലും ന്യൂഡൽഹിയിലുള്ള അവരുടെ മേലധികാരിയിൽനിന്നും അനുമതി ലഭിക്കാതിരുന്നതിനാൽ ആ സ്ഥലം ബോർഡിന് ലഭിച്ചില്ല. അതുകൊണ്ട് സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനായി പുതിയ സ്ഥലം കണ്ടെത്തേണ്ടതായി വന്നു. അങ്ങനെ പുല്ലഴി വില്ലേജിൽ 251 സെന്റ് ഭൂമി സബ്സ്റ്റേഷൻ നിർമ്മാണത്തിന് അനുയോജ്യമാണെന്ന് ഇപ്പോൾ കണ്ടെത്തിയിട്ടുണ്ട്. ഈ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നിർദ്ദേശവും, സബ്സ്റ്റേഷൻ നിർമ്മാണത്തിനായുള്ള 515 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും ബോർഡ് പരിശോധിച്ചുവരികയാണ്. ഇവിടെ ബഹുമാനപ്പെട്ട അംഗം ഇത് ഉന്നയിക്കപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ അടിയന്തിരമായി പുല്ലഴിയിലെ സബ്സ്റ്റേഷൻ നിർമ്മാണ നടപടികളുടെ

LIBRARY ARCHIVES Kerala Legislative Assembly

വേഗത വർദ്ധിപ്പിക്കാൻ ബോർഡിന് ഗവണ്മെന്റ് നിർദ്ദേശം നൽകുന്നതാണ്. കളക്ടറേറ്റും പ്രധാനപ്പെട്ട ജില്ലാ ആസ്ഥാനവും എന്നുള്ള നിലയിൽ അയ്യന്തോൾ പ്രദേശത്തെ ലോഡ്ഷെഡ്ഡിംഗിൽനിന്നും ഒഴിവാക്കുന്നതാണ്.

(11) മെഴുകുതിരി നിർമ്മാതാക്കൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, മെഴുക് ലഭിക്കാത്തതുമൂലം കേരളത്തിലെ മെഴുകുതിരി നിർമ്മാണ യൂണിറ്റുകൾക്കുണ്ടായ ബുദ്ധിമുട്ട് ഞാൻ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽകൊണ്ടുവരികയാണ്. കേരളത്തിലെ 1200-ഓളം മെഴുകുതിരി യൂണിറ്റുകൾക്ക് സിഡ്കോ വഴിയാണ് മെഴുക് ലഭിച്ചിരുന്നത്. ഇതിന്റെ കൺട്രോൾ കേന്ദ്ര ഗവണ്മെന്റ് എടുത്തതിനുശേഷം മദ്രാസ് റിഫൈനറീസിൽനിന്ന് സിഡ്കോയ്ക്ക് ഇപ്പോൾ മെഴുക് ലഭിക്കുന്നില്ല. തമിഴ്നാട്ടിലെ വ്യവസായികൾ മുഴുവൻ അവിടെ നിന്ന് മെഴുക് വാങ്ങി അവർ ഉണ്ടാക്കുന്ന മെഴുകുതിരിയാണ് ഇവിടെ ലഭ്യമാകുന്നത്. ഒരു ലോഡ് മെഴുക് ആറ് ടണ്ണോളം വരും. ടാക്സ് ഇനത്തിൽ 11,000 രൂപയാണ് നമുക്ക് കിട്ടിക്കൊണ്ടിരുന്നത്. ഇപ്പോൾ അതും നഷ്ടമായിരിക്കുകയാണ്. അതുകൊണ്ട് അടിയന്തിരമായി സംസ്ഥാന ഗവണ്മെന്റ് കേന്ദ്ര ഗവണ്മെന്റുമായി ബന്ധപ്പെട്ട് മദ്രാസ് റിഫൈനറീസിൽനിന്നും സിഡ്കോ വഴി, നമുക്ക് പണ്ട് ഒരു മാസം 360 ടൺ എങ്കിലും ലഭിച്ചിരുന്നു അത്രയും മെഴുക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. 1200 യൂണിറ്റുകളിലായി ഏകദേശം ഒരു ലക്ഷം പേർക്കാണ് ജോലി നഷ്ടപ്പെടാൻ പോകുന്നത്. അതുകൊണ്ട് ഗവണ്മെന്റും, ബഹുമാനപ്പെട്ട മന്ത്രിയും ഇത് പ്രത്യേകം ശ്രദ്ധിക്കണമെന്നഭ്യർത്ഥിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, ഇന്ത്യയിൽ പ്രധാനമായും ഐ.ഒ.സി.യുടെ മദ്രാസ് റിഫൈനറി, ആസാമിലെ ഡിഗ്ബോയ് റിഫൈനറി എന്നിവിടങ്ങളിൽ നിന്നുമാണ് ക്രൂഡ് ഓയിലിന്റെ ബൈ പ്രോഡക്ടായ വാക്സ് ലഭിക്കുന്നത്. തെക്കേ ഇന്ത്യയിൽ വാക്സ് പ്രധാനമായും വിതരണം ചെയ്യുന്നത് മദ്രാസ് റിഫൈനറിയാണ്. എന്നാൽ ജൂൺ 21-ാം തീയതി മദ്രാസ് റിഫൈനറിയിൽനിന്നും അവരുടെ പ്ലാന്റ് തകരാറായതിനാൽ പാരഫിൻ വാക്സിൽ ഉൽപ്പാദനം നിർത്തിവച്ചിരിക്കുന്നു എന്ന് അറിയിക്കുകയുണ്ടായി. ഈ അറിയിപ്പ് കിട്ടിയ ഉടനെ തന്നെ കേരളാ സിഡ്കോ വളരെ പെട്ടെന്ന് തമിഴ്നാട് സിഡ്കോയുമായി ബന്ധപ്പെടുകയും, അവരുടെ സ്റ്റോക്കിൽനിന്നും 250 മെട്രിക് ടൺ വാക്സ് കേരളാ സിഡ്കോയ്ക്ക് കൈമാറുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യുകയും ചെയ്തു. അതിൽ ആദ്യത്തെ കൺസൈൻമെന്റായ നാല് ലോഡ് , 40 ടൺ വാക്സ് ഈ ആഴ്ചതന്നെ കൊച്ചിയിൽ എത്തുന്നതാണ്. ബാക്കിയുള്ളതും എത്തിക്കാനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. ഇതുമൂലം മെഴുകുതിരി നിർമ്മാതാക്കൾ അനുഭവിക്കുന്ന പ്രയാസങ്ങൾ താൽക്കാലികമായി ഒഴിവാക്കാൻ കഴിയും. ഫ്യൂച്ചറിൽ എന്തുവേണം, മദ്രാസ് റിഫൈനറി പ്രവർത്തനം ആരംഭിക്കാൻ എത്ര സമയം പിടിക്കും, ഇതെല്ലാം നോക്കിയിട്ട് ആവശ്യമാണെങ്കിൽ ആസാമിൽനിന്നും ലഭിക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യും.

(12) 'ദായി' വിഭാഗത്തിന്റെ അവശതകൾ

LIBRARY ARCHIVES Kerala Legislative Assembly